(സി) മലപ്പുറം ജില്ലാ ട്രഷറിയിൽ നിന്നും ഏതെല്ലാം തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്കാണ് 2014 നവംബർ മുതൽ 2015 മാർച്ച് വരെ ഇന്റന്റ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയുമായി ബന്ധപ്പെട്ട് മുദ്രപ്പത്രങ്ങൾ എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി)

| തുക | എണ്ണം |
|---|---|
| 100 | 250000 |
| 500 | 100000 |
| 1000 | 100000 |
| 5000 | 10000 |
| 15,000 | 15000 |
| 20,000 | 10000 |
| 25,000 | 25000 |

**ലീഗൽ സർവ്വീസസ് അതോറിറ്റികൾ**

250 (598) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ; പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ നടത്തിയ അദാലത്തുകൾ, അന്തിമ തീർപ്പ് കൽപ്പിച്ച കേസുകൾ എന്നിവ എത്രയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക, വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(ബി) അദാലത്തിൽ ഇരു കക്ഷികളുടേയും സമ്മതപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ ലീഗൽ സർവ്വീസസ് ആക്ട്, 1987-ലെ 21 -ാം വകുപ്പ് (2)- ാം ഉപവകുപ്പ് പ്രകാരം അന്തിമമായിരിക്കും. അത്തരം തീർപ്പുകൾക്ക് മേൽ അപ്പീലുകൾ നിലനിൽക്കുന്നതല്ല. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും ഹൈക്കോടതി ലീഗൽ സർവ്വീസസ് അതോറിറ്റികളും ജില്ലാലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്, 1987-ലെ 19- ാം വകുപ്പ് (2) - ാം ഉപവകുപ്പ് പ്രകാരം സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതോ, അല്ലെങ്കിൽ സേവനത്തിൽ നിന്നും വിരമിച്ചതോ ആയ ജൂഡീഷ്യൽ ഓഫീസർ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരു കക്ഷികളുടെയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്.

(സി) സർക്കാർ നേരിട്ട് അദാലത്തുകൾ നടത്തിയിട്ടില്ല. ലീഗൽ സർവ്വീസസ് അതോറിറ്റികൾ/കമ്മിറ്റികൾ മുഖേന ജൂൺ 2011 മുതൽ ജനുവരി 2015 വരെ 13149 അദാലത്തുകൾ നടത്തുകയും 254804 കേസുകൾ തീർപ്പാക്കുകയും ചെയ്തു.

**സംസ്ഥാന-കേന്ദ്ര നിയമങ്ങളുടെ പേര് ഉൾപ്പെടുത്തിയ ലിസ്റ്റ്**

251 (599) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള സംസ്ഥാന, കേന്ദ്ര നിയമങ്ങളുടെയെല്ലാം പേര് ഉൾപ്പെടുത്തിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.